(സി) പുതുതായി ബിയർ-വൈൻ പാർലർ ആരംഭിക്കുന്നതിന് മുമ്പായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതി ആവശ്യമാണ്. അനുമതിയില്ലാതെ പുതുതായി ഒരു ബിയർ / വൈൻ പാർലറുകളും അനുവദിച്ചിട്ടില്ല. എന്നാൽ പൂട്ടിക്കിടന്ന 418 ബാർ ഹോട്ടലുകൾക്ക് ബിയർ / വൈൻ പാർലർ ലൈസൻസ് അനുവദിച്ചുവരുന്നത് വിദേശ മദ്യ ചട്ടത്തിലെ 11 B പ്രകാരമാണ്. 31-3-2014 വരെ പ്രവർത്തിച്ചിരുന്ന ബാർ ഹോട്ടലുകൾക്ക് നേരത്തെ നൽകിയിരുന്ന എഫ്.എൽ.3 ലൈസൻസ് എഫ്.എൽ.11 ലൈസൻസ് ആയി കണക്കാക്കി എഫ്.എൽ.11 ലൈസൻസ് പുതുക്കി നൽകുകയാണ് ചെയ്തിട്ടുള്ളത്. ഒരു അബ്കാരി ലൈസൻസ് പുതുക്കി നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ N.O.C ആവശ്യമില്ലാത്തതാകുന്നു.

(ഡി) വിദേശ മദ്യചട്ടത്തിലെ ചട്ടം 13(11), 13 (11)B വ്യവസ്ഥകൾ പ്രകാരമാണ് ബിയർ-വൈൻ പാർലറുകൾ അനുവദിച്ചിട്ടുള്ളത്. ഒരു ബിയർ വൈൻ പാർലർറിനുപോലും ഇളവുകൾ ഒന്നും അനുവദിച്ചിട്ടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അധികാരം സർക്കാർ ഏറ്റെടുത്തിട്ടില്ല. പുതുതായി ബിയർ-വൈൻ പാർലർ ലൈസൻസ് നൽകുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ അനുമതി ആവശ്യമാണ്.

ബാർ കോഴക്കേസ്

21(*21) ശ്രീ. സി. കൃഷ്ണൻ :

ഡോ. ടി. എം. തോമസ് ഐസക് :

ശ്രീ. എളമരം കരീം :

ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാർ കോഴക്കേസിൽ ഉന്നയിക്കപ്പെട്ട അഴിമതി പുറത്തുകൊണ്ടുവരാൻ വിജിലൻസ് വകുപ്പിന് സാധിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ ;

(ബി) അന്വേഷണ ഏജൻസി കൂടുതൽ ശ്രദ്ധയോടെയും ജാഗ്രതയോടെയും അന്വേഷണം നടത്തണമെന്നും വിശ്വാസ്യത നിലനിർത്താൻ ഭയമോ പ്രീതിയോ കൂടാതെ അന്വേഷിക്കണമെന്നും കേരള ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ ഇത് പാലിക്കാൻ തയ്യാറാകുമോ;

(സി) ആരോപണവിധേയരായവരെ സംരക്ഷിക്കുന്ന തരത്തിലുള്ളതായി പറയപ്പെടുന്ന പ്രസ്താവനകൾ, അന്വേഷണ ഏജൻസിയെ സ്വാധീനിക്കുന്നതായി അറിയാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത കേസിൽ അന്വേഷണ ഉദ്യോഗസ്ഥരെ സമ്മർദ്ദത്തിലാക്കുന്നതായി ഏതെല്ലാം ആക്ഷേപങ്ങൾ ഉയർന്നുവന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) അന്വേഷണ ഏജൻസിയുടെ മുമ്പാകെ സത്യം പറയാതിരിക്കാൻ ബാറുടമകളുടെ മേൽ ഭരണതലത്തിലുള്ളവരുടെ സമ്മർദ്ദം ഉണ്ടായതായുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):

(എ) കേസ്സിന്റെ അന്വേഷണം പുരോഗതിയിലാണ്. ടി കേസ്സിന്റെ അന്വേഷണം ഉറന്ന മനസ്സോടെയും വസ്തുനിഷ്ഠമായുമാണ് നടത്തുന്നത്.

(ബി) ഉണ്ട്. സത്യസന്ധമായും വസ്തുനിഷ്ഠമായും, ഭയമോ ഭീതിയോ കൂടാതെയുമാണ് അന്വേഷണം നടത്തുന്നത്.

(സി) നിഷ്പക്ഷമായും സത്യസന്ധമായും കേസ് അന്വേഷിച്ചു വരുന്നു. കേസ്സന്വേഷണത്തിൽ യാതൊരുവിധ സ്വാധീനമോ ഇടപെടലോ ഇല്ല.

(ഡി) അത്തരം ആക്ഷേപമൊന്നുമില്ല. കേസ്സന്വേഷണം യാതൊരുവിധ സമ്മർദ്ദത്തിനോ ബാഹ്യ ഇടപെടലിനോ അവസരം നൽകാതെയാണ് നടത്തുന്നത്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സ്ത്രീ സുരക്ഷയ്ക്കായി നിയമനിർമ്മാണം

22(*22) ശ്രീ. വർക്കല കഹാർ :

ശ്രീ. കെ. അച്ചുതൻ :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകളുടെ സുരക്ഷയ്ക്കായി നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം കാര്യങ്ങളാണ് നിയമത്തിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിന് എന്തെല്ലാം ശിക്ഷാനടപടികളാണ് പ്രസ്തുത നിയമത്തിൽ വ്യവസ്ഥ ചെയ്യാനുദ്ദേശിക്കുന്നത്;

(ഡി) ഇത് സംബന്ധിച്ച നിയമനിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വിശദാംശം സഹിതം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly